THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

# GRADE-X
# WORKSHEET
# CHAPTER-I

ലക്ഷ്മണ സാന്ത്വനം

**I.**ഒറ്റവാക്കിൽ വാക്യത്തിലോ ഉത്തരം എഴുതുക

**1.**എഴുത്തച്ഛൻറെ കാലഘട്ടം ഏത്**?**
**i.**പതിനാറാം നൂറ്റാണ്ട്
**ii.**പതിനഞ്ചാം നൂറ്റാണ്ട്
**iii.**പതിനേഴാം നൂറ്റാണ്ട്
**iv.**പതിനെട്ടാം നൂറ്റാണ്ട്

**2.**ലക്ഷ്മണ സാന്ത്വനം എന്ന കാവ്യഭാഗം ഏത് കൃതിയിൽ നിന്നെടുത്തതാണ്**?**
**i.**രാമായണം കിളിപ്പാട്ട്
**ii.**അദ്ധ്യാത്മരാമായണം കിളിപ്പാട്ട്
**iii.**മഹാഭാരതം കിളിപ്പാട്ട്
**iv.**ഭാരതം കിളിപ്പാട്ട്

**3.**ലക്ഷ്മണ സാന്ത്വനം എന്ന കാവ്യഭാഗം ആദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ ഏതുകാണ്ഡത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്**?**
**i.**സുന്ദരകാണ്ഡം
**ii.**അയോദ്ധ്യാകാണ്ഡം
**iii.**ബാലകാണ്ഡം
**iv.**ആരണ്യകാണ്ഡം

**4.**എഴുത്തച്ഛന് ചേരാത്ത പ്രസ്താവന ഏത്**?**

**i.**തത്വചിന്തകൻ
**ii.**മലയാളഭാഷയുടെ പിതാവ്
**iii.**ആധുനിക കവിത്രയം
**iv.**കിളിപ്പാട്ട് പ്രസ്ഥാനത്തിൻറെ ഉപജ്ഞാതാവ്

**5.** വത്സ**!** സൗമിത്രേ**!** കുമാര**!** നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ**.**
ആര് ആരോട് പറയുന്നതാണ് ഈ വാക്കുകൾ**?**
**i.**രാമൻ ലക്ഷ്മണനോട്
**ii.**ലക്ഷ്മണൻ രാമനോട്
**iii.**ഹനുമാൻ രാമനോട്
**iv.**രാമൻ ഹനുമാനോട്

**6.**'വത്സ**!** സൗമിത്രേ' എന്ന രാമൻറെ സംബോധനയിൽ തെളിയുന്ന ഭാവം എന്ത്**?**
**i.**ബഹുമാനം
**ii.**സ്നേഹം വാത്സല്യം
**iii.**സഹതാപം
**iv.**കോപം

**7.**മിന്നലിന്റെ പ്രഭ പോലെ ഇല്ലാതാകുന്നത് എന്ത്**?**
**i.**മോഹം
**ii.**ക്രോധം
**iii.** ഭോഗങ്ങൾ
**iv.**കാരുണ്യം

**8.**തീയിൽ ചുട്ടുപഴുത്ത ലോഹത്തിൽ പതിക്കുന്ന ജലബിന്ദു മനുഷ്യജീവിതത്തിന്റെ ഏത് അവസ്ഥയെ സൂചിപ്പിക്കുന്നു**?**
**i.**വേഗത
**ii.**സ്ഥിരത
**iii.**അനശ്വരത
**iv.**ക്ഷണഭംഗുരത

**9.**ക്ഷണികമായ മർത്യജന്മത്തെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്**?**
**i.**ക്ഷണപ്രഭ
**ii.**പാന്ഥർ

**iii.** തടികഷണം

**iv.** ചുട്ടുപഴുത്ത ലോഹത്തിൽ വീഴുന്ന ജലത്തുള്ളി

**10.** കാലാഹിനാ പരിഗ്രസ്ഥമാം ലോകവും”-കാലമാകുന്ന പാമ്പിൻറെ പിടിയിൽ അകപ്പെട്ടതാര്**?**

**i.** ജനങ്ങൾ

**ii.** തവളകൾ

**iii.** സുഖങ്ങൾ

**iv.** ബ്രാഹ്മണർ

**11.** ആലോല ചേതസ ഭോഗങ്ങൾ തേടുന്നു ഇവിടെ ഭോഗങ്ങൾ തേടുന്നതാര്**?**

**i.** ചക്ഷു**:** ശ്രുവണ ഗളസ്ഥമാം ദർദ്ദുരം

**ii.** പുത്രമിത്രാർഥകളത്രാദി സംഗമം

**iii.** കാലാഹിനാ പരിഗ്രസ്തമാം ലോകം

**iv.** രാഗാദി സങ്കുലമായുള്ള സംസാരം

**12.** പുത്രൻ**,**സുഹൃത്ത്**,**ധനം**,**ഭാര്യ എന്നിവയുമായുള്ള കൂടിച്ചേരൽ എന്തിന് സമാനം**?**

**i.** പാമ്പിൻറെ വായിൽ അകപ്പെട്ട തവളയ്ക്ക് സമാനം

**ii.** മിന്നലിന്റെ പ്രഭയ്ക്ക് സമാനം

**iii.** വഴിയമ്പലത്തിലെ ഒത്തുചേരലിന് സമാനം

**iv.** ചുട്ടുപഴുത്ത ലോഹത്തിൽ പതിക്കുന്ന ജല ബിന്ദുവിന് സമാനം

**13.** എഴുത്തച്ഛൻ പെരുവഴി അമ്പലത്തിലെ ഒത്തുചേരലിനോട് ഉപമിച്ചിരിക്കുന്നത് എന്തിനെ**?**

**i.** ക്രോധത്തെ

**ii.** അറിവില്ലായ്മയെ

**iii.** പുത്രൻ**,**സുഹൃത്ത്**,**ധനം**,**ഭാര്യ എന്നിവയുമായുള്ള കൂടിച്ചേരലിനെ

**iv.** നദിയിൽ ഒഴുകുന്ന തടി കഷ്ണത്തെ

**14.** ലോകത്തെ ചുട്ടുകരിക്കാം എന്ന ലക്ഷ്മണന്റെ ചിന്തയ്ക്ക് കാരണമെന്ത്**?**

**i.** അറിവില്ലായ്മ

**ii.** അറിവ്

**iii.** പക

**iv.** പ്രതിഷേധം

**15.**മോഹമാതാവ് എന്ത്**?**

**i.**വിദ്യ

**ii.**അവിദ്യ

**iii.**മോഹം

**iv.**ശരീരചിന്ത

**16.**എന്താണ് സംസാരകാരിണി**?**

**i.**ഭോഗം

**ii.**വിദ്യ

**iii.** അവിദ്യ

**iv.**മനസ്സ്

**17.**എന്താണ് സംസാരനാശിനി**?**

**i.**ഭോഗം

**ii.**വിദ്യ

**iii.**അവിദ്യ

**iv.**മനസ്സ്

**18.**ക്രോധം മൂലം സംഭവിക്കാത്തത്**?**

**i.**മനസ്താപം

**ii.**സംസാരബന്ധനം

**iii.**ധർമ്മക്ഷയം

**iv.**മോക്ഷ മാർഗ്ഗം

**19.**ധർമ്മത്തെ ക്ഷയിപ്പിക്കുന്നത് എന്ത്**?**

**i.**അവിദ്യ

**ii.**അഹംഭാവം

**iii.**ക്രോധം

**iv.**ശരീര ചിന്ത

**20.**സൗമിത്രേ എന്ന് പരാമർശിക്കുന്നത് ആരെയാണ്**?**

**i.**രാമനെ

**ii.**ലക്ഷ്മണനെ

**iii.**ഭരതനെ

**iv.** ശത്രുഘ്നനെ

**II.** ലക്ഷ്മണസാന്ത്വനം എന്ന കവിതയുടെ ആസ്വാദനം തയ്യാറാക്കുക

- ☐ കവിതയുടെ സമകാലിക പ്രസക്തി
- ☐ കവിത നിങ്ങൾക്ക് നൽകിയ അനുഭവം
- ☐ കവിതയുടെ ആശയ തലങ്ങൾ
- ☐ കവിത മുന്നോട്ടുവയ്ക്കുന്ന യാഥാർഥ്യങ്ങൾ

ഇവ ഉൾകൊണ്ടുവേണം ആസ്വാദനക്കുറിപ്പ് തയാറാക്കാൻ

**III.** ഉത്തരമെഴുതുക

**1.** ജീവിതത്തിൻറെ നശ്വരത ബോധ്യപ്പെടുത്തുന്നതിന് ശ്രീരാമൻ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്മണനോട് പറഞ്ഞത്**?** കണ്ടെത്തി എഴുതുക

**2.** ക്രോധം പരിത്യജിക്കേണം ബുധജനം
ഈ വാക്യത്തിന്റെ കാലികപ്രസക്തി ചർച്ചചെയ്ത് മുഖപ്രസംഗം തയ്യാറാക്കുക

**3.** "ചക്ഷുശ്രുവണഗളസ്ഥമാം ദർദുരം

ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ

കാലാഹിനാ പരിഗ്രസ്തമാം ലോകവു-

മാലോലചേതസാ ഭോഗങ്ങൾ തേടുന്നു."

- 'കാലാഹി' എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത്**?** വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

**4.** "വഹ്നിസന്തപ്ത ലോഹസ്ഥാംബു ബിന്ദുനാ

സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം"

നശ്വരമായ മനുഷ്യജന്മത്തെ വ്യാഖ്യാനിക്കാൻ ഈ സദൃശ്യ കൽപ്പനയിലൂടെ എഴുത്തച്ഛന് കഴിയുന്ന സൂചനകൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

**IV.** ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക

തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ

- കാലഘട്ടം
- കൃതികൾ
- രചന രീതി
- സാമൂഹിക പശ്ചാത്തലം